# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1066 — 25.1.2018 -ൽ മറുപടിക്ക്

## താത്ക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിൽ ലഭ്യമായവരുടെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് വിവിധ സ്വകാര്യ തൊഴിൽ ദാതാക്കളുമായി ചേർന്ന് സംഘടിപ്പിച്ച മെഗാ ജോബ് ഫെയറുകൾ (നിയുക്തി എന്ന പേരിൽ) മുഖേന സ്വകാര്യ മേഖലയിൽ ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം ആകെ 3338 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ വകുപ്പുകളിൽ ഒരു വർഷത്തിലധികം കാലാവധി വരുന്ന താത്ക്കാലിക ഒഴിവുകൾ തിട്ടപ്പെടുത്തി പരമാവധി നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമനങ്ങൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും റിസർവേഷൻ ആനുകൂല്യമുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വിശദമാക്കുമോ? | (സി) സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും 2018-2020 കാലയളവിലേക്കുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സീനിയോറിറ്റി ലിസ്റ്റിൽ റിസർവേഷൻ ആനുകൂല്യമുള്ളവർ ഉൾപ്പെടെ |

എല്ലാ വിഭാഗത്തിലുമുള്ള ഉദ്യോഗാർത്ഥികളും ഉൾപ്പെട്ടിട്ടുണ്ട്. ടി ലിസ്റ്റിൽ ഓരോ ഉദ്യോഗാർത്ഥിയുടെയും ജാതി, സമുദായം, മുൻഗണന എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. സംവരണാനുകൂല്യം ലഭിക്കാൻ അർഹതയുള്ള ഉദ്യോഗാർത്ഥികൾ ആവശ്യത്തിന് ലഭ്യമല്ലാതെ വരുകയാണെങ്കിൽ സപ്ലിമെന്ററി ലിസ്റ്റ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷംഎംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിൽ ലഭ്യമായവരുടെ ജില്ല തിരിച്ചുള്ള കണക്ക്

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 2221 |
| 2 | കൊല്ലം | 1115 |
| 3 | ആലപ്പുഴ | 1504 |
| 4 | പത്തനംതിട്ട | 672 |
| 5 | കോട്ടയം | 1111 |
| 6 | ഇടുക്കി | 707 |
| 7 | എറണാകുളം | 2603 |
| 8 | തൃശ്ശൂർ | 1178 |
| 9 | പാലക്കാട് | 1232 |
| 10 | മലപ്പുറം | 1376 |
| 11 | കോഴിക്കോട് | 1679 |
| 12 | വയനാട് | 700 |
| 13 | കണ്ണൂർ | 988 |
| 14 | കാസർഗോഡ് | 760 |
| | ആകെ | 17846 |

സെക്ഷൻ ഓഫീസർ